**പതിനാലാം കേരളനിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2485 — **08.05.2017** - ലെ മറുപടിയ്ക്ക്

## ചങ്ങനാശ്ശേരിയിൽ ഹൗസിംഗ് ബോർഡിന്റെ സ്ഥലത്ത് പുതിയ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. എഫ്. തോമസ് | ശ്രീ. ഇ. ചന്ദ്രശേഖരൻ (ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ചങ്ങനാശ്ശരി റവന്യൂ ടവർ സ്ഥിതി ചെയ്യുന്ന സ്ഥലത്തോട്ടു ചേർന്നുള്ള കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് വക സ്ഥലത്ത് ഏതെങ്കിലും നിർമ്മാണ പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) ചങ്ങനാശ്ശേരി റവന്യൂ ടവർ സ്ഥിതി ചെയ്യുന്ന സ്ഥലത്തോട് ചേർന്നുള്ള കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള 75 സെന്റ് സ്ഥലത്തിൽ ഉൾപ്പെട്ട 59.20 സെന്റ് സ്ഥലത്ത് 72 ഫ്ലാറ്റുകളടങ്ങുന്ന ഒരു ഫ്ലാറ്റ് സമുച്ചയം ഉപഭോക്താക്കളിൽ നിന്നും വിൽപ്പന വില മുൻകൂറായി ശേഖരിച്ചു കൊണ്ട് പാരസ്പര്യ മാതൃകയിൽ നിർമ്മിക്കുവാൻ ജി.ഒ.(എം.എസ്) നം.17/2016/ഭവനം എന്ന ഉത്തരവിലൂടെ അംഗീകാരം നൽകിയിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ ഈ നിർമ്മാണ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; | (ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ഡിമാന്റ് സർവ്വെ നടത്തിയപ്പോൾ ഫ്ലാറ്റുകൾക്ക് വേണ്ടത്ര ആവശ്യക്കാരെ ലഭിച്ചിരുന്നില്ലായെങ്കിലും പാരസ്പര്യ പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യക്കാരെ കണ്ടെത്തുന്നതിനായി ഒന്നു കൂടി |

| | |
|---|---|
| | Project Specific Demand Survey നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉപഭോക്താക്കളിൽ നിന്നും മുൻകൂർ തുക വാങ്ങി നടപ്പിലാക്കുന്ന പദ്ധതിയായതിനാൽ മതിയായ ഉപഭോക്താക്കളെ ഉറപ്പാക്കി മാത്രമേ പദ്ധതി നടപ്പിലാക്കാനാകുകയുള്ളൂ. |
| (സി) ചങ്ങനാശ്ശേരിയുടെ പ്രധാന ഭാഗത്തുള്ള ഈ സ്ഥലത്ത് അടിയന്തിരമായി പ്രയോജനകരമായ ഏതെങ്കിലും പദ്ധതി നടപ്പിലാക്കുമോ ? | (സി) ഫ്ലാറ്റുകൾ വാങ്ങാൻ ഉപഭോക്താക്കളെ ലഭ്യമാകുന്ന പക്ഷം ഈ സ്ഥലത്ത് ഇപ്പോൾ അംഗീകരിച്ചിരിക്കുന്ന 72 ഫ്ലാറ്റുകൾ അടങ്ങുന്ന പാരസ്പര്യ പദ്ധതി നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

Subhas

സെക്ഷൻ ഓഫീസർ